COURT FEE
10 Rs.
भारत INDIA
दस रुपये
TEN RUPEES

015825

പ്രേഷിതൻ

VIPEESHKUMAR R.P
DEEDIKAKKANDY (H)
KANHILERI
MATTANUR
KANNUR-670702

സ്വീകർത്താവ്

STATE PUBLIC INFORMATION OFFICER
SOCIAL JUSTICE DEPARTMENT
TVM

വിഷയം : വിവരാവകാശ നിയമം 2005 പ്രകാരം ഉത്തരം ലഭിക്കുന്നത് സംബന്ധിച്ച്.

സൂചന : ഇല്ല

സർ,

1) കണ്ണൂർ ജില്ലയിൽ അങ്ങയുടെ കാര്യാലയത്തിന് കീഴിൽ എത്ര കാര്യാലയങ്ങൾ പ്രവർത്തിച്ച് വരുന്നുണ്ട്. അവ ഏതെല്ലാം?

2) ടി കാര്യാലയങ്ങളിൽ എല്ലാം ചേർത്ത് ലാസ്റ്റ് ഗ്രേഡ് തസ്തികയുടെ അനുവദനീയമായ എണ്ണം എത്രയാണ് (OA, Watch Man, Lascar, Van Cleaner തരം തിരിച്ച് വ്യക്തമാക്കുക).

3) ടി കാര്യാലയങ്ങളിൽ എല്ലാം കൂടി നിലവിൽ എത്ര ഒഴിവുകളുണ്ട്. (OA, Watch Man, Lascar, Van Cleaner തരം തിരിച്ച് വ്യക്തമാക്കുക).

4) ടി ഒഴിവുകൾ നികത്തുന്നതിനായി അങ്ങയുടെ കാര്യാലയം സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കാമോ?

i) PSC യിലേക്കോ അല്ലെങ്കിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യേണ്ട മേൽ കാര്യാലയത്തിലേക്കോ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ ഫയൽ നമ്പറും തിയ്യതിയും ലഭിക്കാൻ താത്പര്യപ്പെടുന്നു.

5) ടി വകുപ്പിലെ അങ്ങയുടെ കാര്യാലയ ത്തിന് കീഴിൽ ഏതെല്ലാം കാര്യാലയങ്ങളിൽ, എത്ര പേർ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ താത്കാലിക/കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്നുണ്ട്. (പട്ടിക തിരിച്ച് രേഖപ്പെടുത്തുക)

6) ടി തസ്തികയിൽ നിലവിലെ താത്കാലികക്കാരെ മാറ്റി സ്ഥിരനിയമനം നടത്തുന്നതിനായി അങ്ങയുടെ കാര്യാലയം ഒഴിവായി കണക്കാക്കി PSC യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ?

7) ഉണ്ടെങ്കിൽ, ഫയൽ നമ്പറും തിയ്യതിയും ലഭിക്കാൻ താത്പര്യപ്പെടുന്നു..

8) ഇല്ലെങ്കിൽ, ആയത് റിപ്പോർട്ട് ചെയ്യാതിരിക്കാനുള്ള തടസ്സം അറിയാൻ താത്പര്യം.

9) റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ അനുവദനീയമായ തസ്തികയിൽ ഉൾപ്പെട്ട ടി വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ താത്കാലിക/കരാർ അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തുന്നത് ഏത് മാനദണ്ഡപ്രകാരമാണ്?

10) 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിന് ശേഷം ഒഴിവുകൾ PSC യിലേക്ക് റിപ്പോർട്ട് ചെയ്യുന്നതിനോ കാലതാമസം വരുത്തുന്നതിനോ സർക്കാർ ഭാഗത്ത് നിന്നും ഏതെങ്കിലും തരത്തിലുള്ള ഉത്തരവുകളോ നിർദ്ദേശങ്ങളോ ടി വകുപ്പിലേക്ക് ലഭിച്ചിട്ടുണ്ടോ?

i) ഉണ്ടെങ്കിൽ, ആയതിന്റെ പകർപ്പ് ലഭിക്കാൻ താത്പര്യപ്പെടുന്നു.

*** മേൽ പറഞ്ഞ ചോദ്യങ്ങളുടെ ഉത്തരങ്ങൾ വിവരാവകാശ നിയമ പ്രകാരം നൽകണമെന്നും ആയതിന് എന്തെങ്കിലും ഫീസ് ആവശ്യമായി വരികയാണെങ്കിൽ അങ്ങയുടെ കാര്യാലയത്തിന് വേണ്ട തുക അടക്കുന്നതിന് ഞാൻ തയ്യാറാണെന്നും അറിയിക്കുന്നു.

എന്ന് വിശ്വസ്തതയോടെ,

VIPEESH KUMAR. R.P.

(signature)

തിരൂരങ്ങാടി

08-11-2018